## പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2692

19-07-2011 ൽ മറുപടിക്ക്

## ഓൺലൈൻ ഭൂമി രജിസ്ട്രേഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ഉബൈദുള്ള;<br>,, പി.കെ. ബഷീർ:<br>,, അബ്ദുറഹിമാൻ രണ്ടത്താണി:<br>,, എൻ. ഷംസുദ്ദീൻ: | ശ്രീ. ടി.എം. ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) നിയമവരുദ്ധ ഭൂമി കൈമാറ്റങ്ങൾ തടയുന്നതിന്റെ ഭാഗമായി ഓൺലൈൻ ഭൂമി രജിസ്ട്രേഷൻ നിർബന്ധിതമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) ഉണ്ട് |
| (ബി) എങ്കിൽ ഇത് സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ ; | (ബി) ഭൂമി രജിസ്ട്രേഷൻ വിവരങ്ങൾ ഒന്നാകെ ക്രോഡീകരിക്കുന്നതിന്റെ ഭാഗമായി ഭൂമി രജിസ്ട്രേഷൻ വിവരങ്ങൾ ഓൺലൈനാക്കുവാനുള്ള പ്രാരംഭഘട്ട നടപടികൾ നടന്നുവരുന്നു. ഇതിന്റെ ആദ്യപടിയായി തിരുവനന്തപുരം ജില്ലയിലെ പട്ടം സബ് രജിസ്ട്രാർ ആഫീസിൽ ഇതു പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ചിട്ടുണ്ട്. |
| (സി) രജിസ്ട്രേഷൻ നടപടികൾ പൂർണ്ണമായും ഓൺലൈനിലാക്കുമ്പോൾ പ്രയാസങ്ങൾ ഒഴിവാക്കാൻ എന്തൊക്കെ മുന്നൊരുക്കങ്ങൾ വേണ്ടിവരുമെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ അത് സംബന്ധിച്ച വിശദവിവരം നൽകുമോ; | (സി) വിലയിരുത്തി വരുന്നു. രജിസ്ട്രേഷൻ വിവരങ്ങൾ പൂർണ്ണമായും ഓൺലൈൻ ആക്കുന്ന പരീക്ഷണാടിസ്ഥാനത്തിൽ നടക്കുന്ന പദ്ധതി പൂർത്തിയായാൽ മാത്രമേ ഇത് സംബന്ധിച്ച പ്രയാസങ്ങൾ വ്യക്തമായി മനസ്സിലാകുവാനും ആവശ്യമായ മുന്നൊരുക്കങ്ങൾ സ്വീകരിക്കുവാനും കഴിയുകയുള്ളൂ. |

| | |
|---|---|
| (ഡി) ഒരാളിന് ഒരു തണ്ടപ്പേർ നമ്പർ നൽകുന്ന രീതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അത് സംബന്ധിച്ച് റവന്യൂ വകുപ്പുമായി കൂടിയാലോചിച്ച് മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ടോ; | (ഡി) ഇതു സംബന്ധിച്ച് റവന്യൂ വകുപ്പുമായി കൂടിയാലോചനകൾ നടന്നുവരുന്നു. |
| (ഇ) ഫെയർ വാല്യു നിശ്ചയിച്ചതിലെ അപാകതകളെ സംബന്ധിച്ച് നിലനിൽക്കുന്ന പരാതികൾ തീർപ്പാക്കാതെ സമ്പൂർണ്ണ ഓൺലൈൻ രജിസ്ട്രേഷൻ നിർബന്ധിതമാക്കിയാൽ പ്രസ്തുത പ്രദേശങ്ങളിലെ ഭൂഉടമകൾക്ക് ഉണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ എന്തെല്ലാമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | (ഇ) ഫെയർവാല്യൂ നിശ്ചയിച്ചതിലെ അപാകതകൾ പരിഹരിച്ചശേഷം മാത്രമേ സമ്പൂർണ്ണ ഓൺലൈൻ നിർബന്ധമാക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ